(സി) സൗജന്യമായി പ്രതിരോധ മരുന്നുകൾ ജനങ്ങൾക്ക് എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ഡി) അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളുള്ളതിൽ പകർച്ച വ്യാധികൾക്ക് പ്രകിരോധ മരുന്ന് ലഭ്യമാക്കുന്നത് ഏത് വിഭാഗമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അലോപ്പതി വിഭാഗത്തിൽ ഹെപ്പറ്റൈറ്റിസ് - ബി, ചിക്കൻപോക്സ്-പോളിയോ മൈലൈറ്റിസ്, ഇൻഫ്ളുവൻസ, മംസ്, മണ്ണൻ, വില്ലൻചുമ, ഡിഫ്തീരിയ എന്നീ രോഗങ്ങൾക്ക് വാക്സിൻ ലഭ്യമാണ്. ഹോമിയോ, ആയുർവേദ ചികിത്സാരീതികൾ പ്രകാരം എല്ലാ രോഗങ്ങൾക്കും പ്രതിരോധ മരുന്നുകൾ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ആധുനിക വൈദ്യശാസ്ത്രത്തിൽ എലിപ്പനിക്കും ഡങ്കിപ്പനിക്കും പ്രതിരോധ മരുന്നുകൾ ഇല്ലെങ്കിലും ഹോമിയോ/ആയുർവേദ ചികിത്സാ രീതികളിൽ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 524 ഹോമിയോ ഡിസ്പൻസറികളിലൂടെയും 31 ആശുപത്രികളിലൂടെയും, ജില്ലാ ഭരണകൂടം, ഗ്രാമപഞ്ചായത്തുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ വഴിയും ഹോമിയോ പ്രതിരോധ ഔഷധം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആയുർവേദ വകുപ്പ് ഭവന സന്ദർശനം, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സ്പെഷ്യൽ ക്ലിനിക്കുകൾ എന്നിവ വഴി സൗജന്യമായി മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആയുർവേദ, ഹോമിയോ വിഭാഗങ്ങളിൽ പ്രതിരോധ മരുന്ന് ലഭ്യമാണ്.

പകർച്ചവ്യാധി തടയുന്നതിന് അധികമായി അനുവദിച്ച തുക

91 (3843) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പകർച്ചവ്യാധിയായ പനി വ്യാപകമായതിനുശേഷം ആരോഗ്യവകുപ്പ് അധികമായി എത്രകോടി രൂപ ഇത് തടയുന്നതിന് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുക ചെലവഴിക്കുന്നതിന് പ്രത്യേക മാനദണ്ഡം എന്തെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നോ ;

(സി) പ്രസ്തുത തുക ആരോഗ്യവകുപ്പ് മുഖാന്തിരം മാത്രമാണോ ചെലവഴിച്ചത് ; മറ്റ് വകുപ്പുകൾക്കു കൂടി ഇതിൽ നിന്നും തുക നൽകിയിട്ടുണ്ടെങ്കിൽ എത്ര വീതം ഏതൊക്കെ വകുപ്പുകൾക്കാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യവകുപ്പിന് 535 ലക്ഷം രൂപ അനുവദിച്ചു.

(ഡി.എച്ച്.എസ്-395, ഡി.എം.ഇ-100, ഹോമിയോ-20, ഡി.ഐ.എസ്.എം.ഡി.എ. എം.ഇ.-20)

(ബി) ഉണ്ട്.

(സി) തുക മുഴുവനും ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ വരുന്ന ആരോഗ്യവകുപ്പ് ആരോഗ്യവിദ്യാഭ്യാസവകുപ്പ്, ഹോമിയോപതി വകുപ്പ്, ആയുർവേദവകുപ്പ്, ആയുർവേദ/ഹോമിയോ കോളേജുകൾ എന്നിവ വഴിയുള്ള പ്രവർത്തനങ്ങൾക്കാണ് ചിലവഴിക്കുന്നത്.

പനി ബാധിച്ച് മരണപ്പെട്ടവരുടെയും ചികിത്സ തേടി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നവരുടെയും ജില്ല തിരിച്ചുള്ള കണക്ക്

92 (3845) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ചവ്യാധിയും പനിയുംമൂലം എത്രപേർ ഇപ്പോൾ മരണപ്പെട്ടു എന്ന് പറയാമോ ; എത്രപേർ ഇതിനകം ചികിത്സതേടി ആശുപത്രികളിൽ എത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) പനി പിടിച്ച് മരണപ്പെടുന്നവരുടെയും ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്നവരുടെയും ചികിത്സ തേടി എത്തുന്നവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ആരോഗ്യവകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ടോ ;

(സി) എന്നു മുതലാണ് ഇത് പ്രസിദ്ധികരിച്ചു തുടങ്ങിയതെന്ന് വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച് നാളിതുവരെ പ്രസിദ്ധീകരിച്ച പ്രസ് റിലീസുകളുടെ കോപ്പികൾ ലഭ്യമാക്കാമോ ;

(ഡി) ദിവസേന കൃത്യമായി ഈ കണക്കുകൾ പുറത്തുവിടുന്നതിന് ആരോഗ്യവകുപ്പിനെ പ്രേരിപ്പിച്ച കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതുവരെ പകർച്ചവ്യാധിയും പനിയും തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി എത്ര തുക ചെലവഴിച്ചെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 168 പേർ മരണപ്പെട്ടു. 26-6-2003 മുതൽ 16-7-2003 വരെ 2,54,113 പേർ ചികിത്സ തേടി ആശുപത്രിയിൽ എത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly